**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **08-08-2023 - ൽ മറുപടിയ്ക്ക്**

**ദിശ ഓൺലൈൻ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദിശ ഓൺലൈൻ സേവനം സാധാരണ ജനങ്ങൾക്ക് എത്രത്തോളം പ്രയോജനകരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ദിശ ഓൺലൈൻ സേവനം ജനങ്ങൾക്ക് പ്രയോജനകരമാണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. കോവിഡ് കാലത്ത് ദിശയെ കോവിഡ് ഹെല്പ് ലൈൻ ആയി സർക്കാർ പ്രഖ്യാപിക്കുകയും ഏകദേശം 12 ലക്ഷം കോളുകൾ കോവിഡ് സമയത്ത് മാത്രം ഇവിടെ കൈകാര്യം ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി യുടെ കാൾ സെന്റർ ആയും ദിശ ഉപയോഗപ്പെടുത്തുന്നുണ്ട്.<br>ദിശ വഴി ടെലികൗൺസിലിംഗ് കൗമാരക്കാരുടെ കൗൺസിലിംഗ്, പരീക്ഷാസ്ട്രെസ്സ്, ആത്മഹത്യ തടയൽ കൗൺസിലിംഗ്, വൈവാഹിക കൗൺസിലിംഗ്, ഡി-അഡിക്ഷൻ മാനസിക സമ്മർദ്ദ കൗൺസിലിംഗ്, ഡയറ്റ് കൗൺസിലിംഗ്, എച്ച്.ഐ.വി/ എയ്ഡ്സ് കൗൺസിലിംഗ് മുതലായവ, ഡയൽ എ ഡോക്ടർ, ലിംഗാധിഷ്ഠിത അക്രമ റിപ്പോർട്ടിംഗ് കേന്ദ്രം, ആശുപത്രിയുമായി ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടിംഗും, ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ, IMR റിപ്പോർട്ടിംഗ് കേന്ദ്രം, വിവിധ ആരോഗ്യ പദ്ധതികളും പ്രോഗ്രാമുകളെ പറ്റിയുള്ള വിവരങ്ങളും, പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യുന്നതിനും ഇ-സഞ്ജീവനി ടെലി കൺസൾട്ടേഷൻ ഹെല്പ് ലൈൻ ആയും ദിശ പ്രവർത്തിക്കുന്നു. ദിശയുടെ നിലവിൽ ഉള്ള പ്രവർത്തനങ്ങൾ കൂടാതെ SHA ഹെല്പ് ഡസ്ക്, ECD കാൾ സെന്റർ, ഇ-ഹെൽത്ത് കാൾ സെന്റർ എന്നീ നിലയ്ക്കും ദിശ പ്രവർത്തിക്കുന്നു. SHA (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) കാൾ സെന്റർ വഴി KASP /KBF സംബന്ധമായ അന്വേഷണങ്ങളും അവയുടെ ഗുണഭോക്തൃ കാർഡ് അംഗീകാരങ്ങളും ചെയ്യുന്നു. ECD (Early Childhood Development) ഡസ്ക് വഴി ഗർഭധാരണം മുതൽ കുഞ്ഞുങ്ങളുടെ ആദ്യ രണ്ട് വർഷം വരെയുള്ള വളർച്ച നിരീക്ഷിക്കപ്പെടുന്നു. ഇ ഹെൽത്ത് നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനാവശ്യമായ സാങ്കേതിക സഹായവും ദിശ നൽകുന്നുണ്ട്. നാളിതു വരെ 19.6 ലക്ഷം കോളുകൾക്ക് ദിശ സേവനം നൽകി. അതിൽ 12 ലക്ഷം കോളുകൾ കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട കോളുകൾ ആയിരുന്നു. ദിശയുടെ ഏകോപനത്തിനായി 47 സ്റ്റാഫുകൾ 24 x 7 പ്രവർത്തിക്കുന്നു. ഒരേ സമയം 18 ഡസ്കുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. |
| (ബി) | ഈ സേവനം നാളിതുവരെ എത്ര പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | നാളിതു വരെ 19.6 ലക്ഷം കോളുകൾ ദിശ വഴി കൈകാര്യം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ